എ.വൈ.ആർ

സൂറഃ-9

# അത്തൗബ

لَا يَسْتَـْٔذِنُكَ ٱلَّذِينَ يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ أَن يُجَٰهِدُوا۟ بِأَمْوَٰلِهِمْ
وَأَنفُسِهِمْ ۗ وَٱللَّهُ عَلِيمٌۢ بِٱلْمُتَّقِينَ ﴿٤٤﴾

**44.** അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർ, ധനംകൊണ്ടും ദേഹംകൊണ്ടും സമരം ചെയ്യുന്നതിൽനിന്ന് വിടുതലനുവദിക്കണമെന്ന് ഒരിക്കലും നിന്നോട് അപേക്ഷിക്കുകയില്ല. ദൈവഭക്തന്മാരെ അല്ലാഹു നന്നായറിയുന്നുവല്ലോ.

إِنَّمَا يَسْتَـْٔذِنُكَ ٱلَّذِينَ لَا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَٱرْتَابَتْ قُلُوبُهُمْ
فَهُمْ فِى رَيْبِهِمْ يَتَرَدَّدُونَ ﴿٤٥﴾

**45.** അല്ലാഹുവിലും അന്ത്യനാളിലും വിശ്വാസമില്ലാത്തവരും അന്തരാളങ്ങളിൽ സന്ദേഹമുള്ളവരും തന്നെയാണ് നിന്നോട് വിടുതൽ തേടുന്നത്. സ്വന്തം സന്ദേഹങ്ങളിൽ ചാഞ്ചാടിക്കൊണ്ടിരിക്കുകയാണവർ.

۞ وَلَوْ أَرَادُوا۟ ٱلْخُرُوجَ لَأَعَدُّوا۟ لَهُۥ عُدَّةً وَلَٰكِن كَرِهَ ٱللَّهُ ٱنۢبِعَاثَهُمْ
فَثَبَّطَهُمْ وَقِيلَ ٱقْعُدُوا۟ مَعَ ٱلْقَٰعِدِينَ ﴿٤٦﴾

**46.** സത്യത്തിൽ അവർ പുറപ്പെടാനുദ്ദേശിച്ചിരുന്നുവെങ്കിൽ അതിനു വേണ്ടി വല്ല ഒരുക്കവും ചെയ്യുമായിരുന്നു. എന്നാൽ അവർ പുറപ്പെടുന്നത് അല്ലാഹു ഇഷ്ടപ്പെട്ടില്ല. അതിനാൽ അവനവരെ അലസതയിൽ തളച്ചു. കുത്തിയിരിക്കുന്നവരോടൊപ്പം ഇരുന്നുകൊള്ളുക എന്നു പറയപ്പെടുകയും ചെയ്തു.

لَوْ خَرَجُوا۟ فِيكُم مَّا زَادُوكُمْ إِلَّا خَبَالًا وَلَأَوْضَعُوا۟ خِلَٰلَكُمْ يَبْغُونَكُمُ
ٱلْفِتْنَةَ وَفِيكُمْ سَمَّٰعُونَ لَهُمْ ۗ وَٱللَّهُ عَلِيمٌۢ بِٱلظَّٰلِمِينَ ﴿٤٧﴾

**47.** കൂടെ വന്നിരുന്നുവെങ്കിൽ നിങ്ങൾക്കു നാശമല്ലാതൊന്നും അവർ വർധിപ്പിക്കുമായിരുന്നില്ല; നിങ്ങൾക്കിടയിൽ കുഴപ്പമുണ്ടാക്കാൻ തന്നെ അവർ ഓടി നടക്കുമായിരുന്നു. നിങ്ങളുടെ കൂട്ടത്തിലാവട്ടെ അവർക്ക് ചെവികൊടുക്കുന്ന ചിലരുണ്ടുതാനും. അല്ലാഹു ധിക്കാരികളെ നന്നായറിയുന്നുവല്ലോ.

لَقَدِ ٱبْتَغَوُا۟ ٱلْفِتْنَةَ مِن قَبْلُ وَقَلَّبُوا۟ لَكَ ٱلْأُمُورَ حَتَّىٰ جَآءَ ٱلْحَقُّ وَظَهَرَ
أَمْرُ ٱللَّهِ وَهُمْ كَٰرِهُونَ ﴿٤٨﴾

**48.** ഇക്കൂട്ടർ മുമ്പും കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചിട്ടുള്ളതാണല്ലോ. നിന്നെ തോൽപിക്കാൻ അടവുകൾ മാറി മാറി പയറ്റിയിട്ടുമുണ്ട്. ഒടുവിൽ അവരുടെ അഭീഷ്ടത്തിനു വിരുദ്ധമായി സത്യം പുലരുകയും അല്ലാഹുവിന്റെ കാര്യം വിജയിക്കുകയും ചെയ്തു.

لَا يَسْتَـْٔذِنُكَ = നിന്നോട് സമ്മതം ചോദിക്കുകയില്ല (വിടുതലനുവദിക്കണമെന്ന് ഒരിക്കലും അപേക്ഷിക്കുകയില്ല)
ٱلَّذِينَ يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ = അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർ

أَن يُجَـٰهِدُوا۟= അവർ സമരം ചെയ്യുന്നതിന്(ചെയ്യുന്നതിൽനിന്ന് തങ്ങൾക്കു വിടുതലനുവദിക്കണമെന്ന്)
بِأَمْوَٰلِهِمْ= അവരുടെ ധനംകൊണ്ട് وَأَنفُسِهِمْ= അവരുടെ ദേഹംകൊണ്ടും وَٱللَّهُ عَلِيمٌۢ= അല്ലാഹു(നന്നായി) അറിയുന്നവനല്ലോ
بِٱلْمُتَّقِينَ= ദൈവഭക്തന്മാരെക്കുറിച്ച് إِنَّمَا يَسْتَـْٔذِنُكَ= (തേടുന്നത്) നിന്നോട് വിടുതൽ തേടുന്നു
ٱلَّذِينَ لَا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ= അല്ലാഹുവിലും അന്ത്യനാളിലും വിശ്വാസമില്ലാത്തവർ തന്നെയാകുന്നു
وَٱرْتَابَتْ قُلُوبُهُمْ= അവരുടെ ഹൃദയങ്ങൾ സംശയിക്കുന്നു(തങ്ങളുടെ അന്തരാളങ്ങളിൽ സന്ദേഹമുള്ളവരും)
فَهُمْ= അവർ فِى رَيْبِهِمْ= അവരുടെ സന്ദേഹങ്ങളിൽ يَتَرَدَّدُونَ= ചാഞ്ചാടിക്കൊണ്ടിരിക്കുകയാണ്
وَلَوْ أَرَادُوا۟= അവർ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ٱلْخُرُوجَ= പുറപ്പെടാൻ لَأَعَدُّوا۟= (ഒരുക്കം ചെയ്യുമായിരുന്നു) അവർ ഒരുക്കുമായിരുന്നു
لَهُۥ= അതിനുവേണ്ടി عُدَّةً= ഒരു(വല്ല)ഒരുക്കം وَلَـٰكِن= പക്ഷേ كَرِهَ ٱللَّهُ= അല്ലാഹു വെറുത്തു(ഇഷ്ടപ്പെട്ടില്ല)
ٱنۢبِعَاثَهُمْ= (പുറപ്പെടുന്നത്) അവരുടെ എഴുന്നേൽപ് فَثَبَّطَهُمْ= അതുകൊണ്ട് അവൻ അവരെ അലസതയിൽ തളച്ചു
وَقِيلَ= പറയപ്പെടുകയും ചെയ്തു ٱقْعُدُوا۟= കുത്തിയിരുന്നുകൊള്ളുവിൻ
مَعَ ٱلْقَـٰعِدِينَ= കുത്തിയിരിക്കുന്നവരോ(അവശജനങ്ങളോ)ടൊപ്പം لَوْ خَرَجُوا۟= അവർ പുറപ്പെട്ടി(പുറപ്പെട്ടുവന്നി)രുന്നുവെങ്കിൽ
فِيكُم= നിങ്ങളിൽ(നിങ്ങളുടെ കൂടെ) ഉണ്ട് مَّا زَادُوكُمْ= അവർ നിങ്ങൾക്കു വർധിപ്പി(ക്കുമായിരുന്നില്ല)ച്ചില്ല إِلَّا خَبَالًا= നാശമല്ലാതെ
وَلَأَوْضَعُوا۟= തീർച്ചയായും അവർ ഓടിനടക്കുമായിരുന്നു, ചടുലരാകുമായിരുന്നു خِلَـٰلَكُمْ= നിങ്ങൾക്കിടയിൽ
يَبْغُونَكُمُ ٱلْفِتْنَةَ= നിങ്ങൾക്ക് കുഴപ്പം തേടിക്കൊണ്ട് (നിങ്ങൾക്കിടയിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ട്)
وَفِيكُمْ= നിങ്ങളിലുണ്ട്(താനും) سَمَّـٰعُونَ= ചെവികൊടുക്കുന്നവർ, ശ്രദ്ധിച്ചു കേൾക്കുന്നവർ لَهُمْ = അവർക്ക്
وَٱللَّهُ عَلِيمٌۢ= അല്ലാഹു നന്നായി അറിയുന്നവൻ(അറിയുന്നുവല്ലോ) بِٱلظَّـٰلِمِينَ= ധിക്കാരികളെ
لَقَدِ ٱبْتَغَوُا۟= അവർ തേടിയിട്ടുണ്ട്, ശ്രമിച്ചിട്ടുണ്ട് ٱلْفِتْنَةَ= കുഴപ്പം مِن قَبْلُ= ഇതിനു മുമ്പ്
وَقَلَّبُوا۟ لَكَ ٱلْأُمُورَ= അവർ നിങ്ങൾക്ക് കാര്യങ്ങൾ മാറ്റിമറിച്ചു(നിന്നെ തോൽപിക്കാൻ അടവുകൾ മാറിമാറി പയറ്റി)
حَتَّىٰ جَآءَ ٱلْحَقُّ= ദൗത്യം വരുന്നതുവരെ(ഒടുവിൽ സത്യം പുലരുകയും) وَظَهَرَ= പ്രത്യക്ഷപ്പെടുകയും(വിജയിക്കുകയും ചെയ്തു)
أَمْرُ ٱللَّهِ= അല്ലാഹുവിന്റെ കൽപന, കാര്യം وَهُمْ كَـٰرِهُونَ= അവർ വെറുക്കുന്നവരായിരിക്കെ (അവരുടെ അഭീഷ്ടത്തിനുവിരുദ്ധമായി)

**44,45:** സത്യവിശ്വാസികളും കപടവിശ്വാസികളും തമ്മിലുള്ള പ്രകടമായ അന്തരം ചൂണ്ടിക്കാണിച്ചിരിക്കുകയാണ് ഈ സൂക്തങ്ങൾ. ആദർശത്തിനു വേണ്ടി ത്യാഗപൂർണമായ സമരം അനിവാര്യമായിത്തീരുമ്പോഴാണ് വിശ്വാസദാർഢ്യവും ആദർശധീരതയും പരീക്ഷിക്കപ്പെടുന്നത്. വിശ്വാസത്തിൽ ദൃഢതയും ധീരതയുമുള്ളവർ അത്തരം സന്ദർഭങ്ങളിൽ എന്തു ത്യാഗത്തിനും സന്നദ്ധരായി മുന്നോട്ടുവരുന്നു. കാരണം, തങ്ങൾ അല്ലാഹുവിന്റെയും അവനവതരിപ്പിച്ച സത്യത്തിന്റെയും ഭാഗത്താണെന്നും അന്തിമവിജയം തങ്ങൾക്കാണെന്നും അവർക്കുറപ്പുണ്ട്. ഈ ലോകത്ത് ഒരുപക്ഷേ ആ വിജയം അനുഭവിക്കാൻ അവസരം കിട്ടിയില്ലെങ്കിലും പരലോകത്ത് അവസാനിക്കാത്ത അവസരം ലഭിക്കുമെന്നതിൽ സംശയമില്ല. ഈ ലോകത്തെ വിജയത്തിനു വേണ്ടിയല്ല, പരലോകത്തെ വിജയത്തിനു വേണ്ടിയാണ് അവർ നിലകൊള്ളുന്നത്. അതിനു വേണ്ടി സ്വയം അല്ലാഹുവിനു വിറ്റവരാണവർ. إِنَّ ٱللَّهَ ٱشْتَرَىٰ مِنَ ٱلْمُؤْمِنِينَ أَنفُسَهُمْ وَأَمْوَٰلَهُم بِأَنَّ لَهُمُ ٱلْجَنَّةَ (സത്യവിശ്വാസികൾക്ക് വാഗ്ദാനം ചെയ്ത സ്വർഗത്തിന്റെ വിലയായി അല്ലാഹു അവരുടെ ദേഹവും ധനവും വാങ്ങിയിരിക്കുന്നു–9:111). അതുകൊണ്ട് അല്ലാഹുവിലും അവൻ വാഗ്ദാനം ചെയ്യുന്ന പരലോകത്തിലും ദൃഢവിശ്വാസമുള്ളവരാരും ത്യാഗപരിശ്രമങ്ങൾ ആവശ്യപ്പെടുന്ന നിർണായക സന്ദർഭങ്ങളിൽ ഒഴിഞ്ഞുമാറുകയോ ആ ഒഴിഞ്ഞുമാറ്റത്തിന് നിയമസാധുതയുണ്ടാക്കാൻ ഒഴികഴിവുകൾ പറഞ്ഞ് നേതൃത്വത്തെ സമീപിക്കുകയോ ഇല്ല.

ഒഴിഞ്ഞുമാറാൻ സമ്മതം തേടി നടക്കുന്നവർ യഥാർഥത്തിൽ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാത്തവരും, ഈ ദീനിന്റെ യാഥാർഥ്യത്തിലും അന്ത്യപ്രവാചകന്റെ വിജയത്തിലും സംശയിക്കുന്നവരുമാണ്. മുഹമ്മദ് നബിയും ഇസ്‌ലാമും വിജയിക്കുകയാണെങ്കിൽ ആ വിജയത്തിന്റെ അവകാശികളിലും ഗുണഭോക്താക്കളിലും ഉൾപ്പെടണമെന്നാഗ്രഹിച്ച് അവർ പുറമേക്ക് മുസ്‌ലിംകളായി നടിക്കുന്നു. പഴയ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തള്ളിക്കളയാൻ അവർക്ക് കഴിയുന്നില്ല. അതിന്റെ വാഹകരോട് പൂർണമായി വിടപറയാനും വയ്യ. മുഹമ്മദും കൂട്ടരും പരാജയപ്പെടുകയാണെങ്കിൽ തങ്ങൾക്കാശ്രയം അവർ തന്നെയല്ലേ എന്നാണ് വിചാരം. ريبന്റെ ഭാഷാർഥം സന്ദേഹം എന്നാണെങ്കിലും 'റൈബും' ഇതേ അർഥത്തിലുള്ള 'ശക്ക്', 'ശുബ്ഹത്' തുടങ്ങിയ പദങ്ങളും തമ്മിൽ ധ്വനിയിൽ വ്യത്യാസമുണ്ട്. വെറും സംശയത്തിനപ്പുറം മനസ്സിൽ സംഘർഷമുണ്ടാക്കുന്ന സംശയമാണ് ريب. ഈ പദത്തിന് ريبة–ارتياب എന്നീ രൂപങ്ങളുമുണ്ട്. ارتيابൽനിന്നുള്ള ക്രിയയാണ് ارتابت. 'അവരുടെ മനസ്സുകൾ ഉത്കണ്ഠാഭരിതമായിരിക്കുന്നു' എന്നും وَٱرْتَابَتْ قُلُوبُهُمْ എന്ന വാക്യത്തെ തർജമ ചെയ്യാവുന്നതാണ്; فِى رَيْبِهِمْ يَتَرَدَّدُونَ എന്നതിനെ 'ആ ഉത്കണ്ഠയിൽ അവർ ചാഞ്ചാടിക്കൊണ്ടിരിക്കുന്നു' എന്നും.

ഒരേ ലക്ഷ്യത്തിലേക്ക് ആവർത്തിച്ച് പോവുകയും വരികയും ചെയ്തുകൊണ്ടിരിക്കുകയാണ് تردد. അതിൽനിന്നുള്ള

വർത്തമാന ബഹുവചനക്രിയയാണ് يَتَرَدَّدُونَ. ദൃഢവിശ്വാസമില്ലാത്തവർ ഈ ദീൻ കയ്ച്ചിട്ട് ഇറക്കാനും മധുരിച്ചിട്ട് തുപ്പാനും വയ്യാത്ത അവസ്ഥയിലാണ്. ഇസ്‌ലാം ജയിക്കുന്നുവെങ്കിൽ അതിന്റെ ഗുണം അവർക്കു വേണം. ജാഹിലിയ്യത്താണ് ജയിക്കുന്നതെങ്കിൽ അതിന്റെ ഗുണവും വേണം. ഒരു ചുവട് ഇസ്‌ലാമിനു നേരെ വെക്കുമ്പോൾ അവരുടെ അടുത്ത ചുവട് ജാഹിലിയ്യത്തിലേക്കാണ്. സൂറ *അന്നിസാഅ്* 141-ാം സൂക്തത്തിൽ ഈ അവസ്ഥയെ ഇങ്ങനെ വർണിച്ചിട്ടുണ്ട്.

ٱلَّذِينَ يَتَرَبَّصُونَ بِكُمْ فَإِن كَانَ لَكُمْ فَتْحٌ مِّنَ ٱللَّهِ قَالُوٓا۟ أَلَمْ نَكُن مَّعَكُمْ وَإِن كَانَ لِلْكَـٰفِرِينَ نَصِيبٌ قَالُوٓا۟ أَلَمْ نَسْتَحْوِذْ عَلَيْكُمْ وَنَمْنَعْكُم مِّنَ ٱلْمُؤْمِنِينَ

(ഈ കപടന്മാർ നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിങ്കൽനിന്ന് നിങ്ങൾക്ക് നേട്ടമുണ്ടായാൽ അവർ ഘോഷിക്കുകയായി: ഞങ്ങൾ നിങ്ങളോടൊപ്പംതന്നെ ആയിരുന്നില്ലേ? സത്യനിഷേധികൾക്കാണ് നേട്ടമുണ്ടായതെങ്കിൽ അവരോട് ഘോഷിക്കുകയായി: ഞങ്ങൾ നിങ്ങളെ വലയം ചെയ്തതായിരുന്നില്ലേ? എന്നിട്ടും നിങ്ങളെ ഞങ്ങൾ വിശ്വാസികളിൽനിന്ന് രക്ഷിച്ചില്ലേ?)

ന്യായമായ കാരണങ്ങളുള്ളവർ ജിഹാദിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നതോ അതിനു വേണ്ടി സമ്മതം തേടുന്നതോ വിലക്കപ്പെട്ടതല്ല. അത്തരം കാരണങ്ങൾ പ്രത്യക്ഷവും എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്നതുമായിരിക്കും. സായുധ ജിഹാദിൽനിന്ന് മാറിനിൽക്കാനുള്ള യഥാർഥ കാരണങ്ങൾ ഈ സൂറയുടെ 91-92 സൂക്തങ്ങളിൽ ഇങ്ങനെ വിശദീകരിക്കുന്നുണ്ട്:

لَّيْسَ عَلَى ٱلضُّعَفَآءِ وَلَا عَلَى ٱلْمَرْضَىٰ وَلَا عَلَى ٱلَّذِينَ لَا يَجِدُونَ مَا يُنفِقُونَ حَرَجٌ إِذَا نَصَحُوا۟ لِلَّهِ وَرَسُولِهِۦ ۚ مَا عَلَى ٱلْمُحْسِنِينَ مِن سَبِيلٍ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٩١﴾ وَلَا عَلَى ٱلَّذِينَ إِذَا مَآ أَتَوْكَ لِتَحْمِلَهُمْ قُلْتَ لَآ أَجِدُ مَآ أَحْمِلُكُمْ عَلَيْهِ تَوَلَّوا۟ وَّأَعْيُنُهُمْ تَفِيضُ مِنَ ٱلدَّمْعِ حَزَنًا أَلَّا يَجِدُوا۟ مَا يُنفِقُونَ ﴿٩٢﴾

(ദുർബലരും രോഗികളും സൈനിക സേവനത്തിന്റെ ചെലവിനു വകയില്ലാത്തവരും ഒഴിഞ്ഞുനിൽക്കുന്നതിൽ കുറ്റമില്ല- അവർ അല്ലാഹുവിനോടും അവന്റെ ദൂതനോടും ആത്മാർഥമായ കൂറുള്ളവരാണെങ്കിൽ. ഇത്തരം സജ്ജനങ്ങളെ ആക്ഷേപിക്കാൻ യാതൊരു ന്യായവുമില്ല. അല്ലാഹു ഏറ്റം പൊറുക്കുന്നവനും ദയാപരനുമല്ലോ. നിന്നെ സമീപിച്ച്, ഞങ്ങൾക്ക് വാഹനം കിട്ടുമാറാക്കണമെന്നപേക്ഷിച്ചവരും ആക്ഷേപമുക്തരാകുന്നു. വാഹനമേർപ്പെടുത്തിത്തരാൻ നിർവാഹമില്ലല്ലോ എന്ന് നീ പറഞ്ഞപ്പോൾ അവർ തിരിച്ചുപോവുകയായിരുന്നു. അപ്പോഴവർ സ്വന്തം ചെലവിൽ ജിഹാദിനു പോകാൻ കഴിയാത്തതിൽ ദുഃഖിച്ചു കണ്ണീർ വാർക്കുന്നുണ്ടായിരുന്നു). 42-ാം സൂക്തത്തിൽ وَٱللَّهُ يَعْلَمُ إِنَّهُمْ لَكَـٰذِبُونَ (കള്ളം പറയുന്നവർ തന്നെയാണവരെന്ന് അല്ലാഹുവിന് നന്നായറിയാം) എന്നു പറഞ്ഞതിന്റെ മറുവശമാണ് ഈ സൂക്തത്തിലെ وَٱللَّهُ عَلِيمٌۢ بِٱلْمُتَّقِينَ എന്ന വാക്യം. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ദൈവഭക്തന്മാർ ആരാണെന്നും അല്ലാഹുവിന് നന്നായറിയാം. വ്യാജമായ ഒഴികഴിവുകൾ നിരത്തി അവനെ പറ്റിക്കാമെന്ന് ആരും വ്യാമോഹിക്കേണ്ട. മൗലാനാ അമീൻ അഹ്‌സൻ ഇസ്‌ലാഹിയുടെ വീക്ഷണത്തിൽ, മുകളിൽ ഉദ്ധരിച്ച 91-92 സൂക്തങ്ങളിൽ പരാമർശിച്ച, ന്യായമായ കാരണങ്ങളാൽ ജിഹാദിൽനിന്ന് മാറിനിൽക്കുന്ന വിശ്വാസികളെയാണ് ഈ സൂക്തം متّقين (ദൈവഭക്തർ) എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത്.

**46:** ത്വബൂക്ക് യാത്രയിൽനിന്ന് പിന്മാറാൻ കപടന്മാരുന്നയിച്ച കാരണങ്ങളെല്ലാം വ്യാജമാണെന്ന് തുറന്നു പറയുകയാണ് ഇവിടെ. ഈ യാത്രയിൽനിന്ന് മാറിനിൽക്കാൻ അവർ നേരത്തേ തീരുമാനിച്ചിരുന്നു എന്നതാണ് വാസ്തവം. പോകണമെന്ന് ഉദ്ദേശ്യമുണ്ടായിരുന്നുവെങ്കിൽ അതിനു പൂർണമായ ഒരുക്കങ്ങളില്ലെങ്കിൽ പോകട്ടെ, ചില സന്നാഹങ്ങളെങ്കിലും ഒരുക്കുമായിരുന്നു. പക്ഷേ ഇക്കൂട്ടർ അതിനെപ്പറ്റി ചിന്തിച്ചിട്ടേയില്ല. لَأَعَدُّوا۟ لَهُۥ عُدَّةً എന്നാണ് മൂലവാക്യം. ഏതെങ്കിലും തരത്തിലുള്ള ഒരു തയാറെടുപ്പ് എന്നാണ് അതിന്റെ ആശയം.

ത്വബൂക്കിലേക്ക് പോകുന്ന പ്രവാചകനും സംഘവും ഇനി തിരിച്ചുവരവുണ്ടാവില്ല. അജയ്യരായ റോമൻ സൈന്യവുമായി ഏറ്റുമുട്ടുന്നതോടെ അവരുടെ കഥ കഴിയും. അക്കൂട്ടത്തിൽ പോയാൽ യുദ്ധമുതലുകളൊന്നും കിട്ടാൻ പോകുന്നില്ല. സ്വന്തം ജീവൻ നഷ്ടപ്പെട്ടെന്നുംവരും. ഇതായിരുന്നു അവരുടെ മനോഗതം. ഇസ്‌ലാമിൽ ദൃഢമായ വിശ്വാസമോ മുസ്‌ലിം സമുദായത്തോട് കൂറോ അവർക്കില്ല. അത്തരം ആളുകൾക്ക് ഇസ്‌ലാമിന്റെ സംസ്ഥാപനത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ പങ്കെടുക്കാൻ ഉതവിയരുളാതിരിക്കുകയാണ് അല്ലാഹുവിന്റെ നടപടിക്രമം- സുന്നത്ത്. അതെകുറിച്ചാണ് 'അവർ എഴുന്നേൽക്കുന്നത് അല്ലാഹു ഇഷ്ടപ്പെട്ടില്ല' (كَرِهَ ٱللَّهُ ٱنۢبِعَاثَهُمْ) എന്നു പറഞ്ഞത്. നൈരാശ്യം, ആലസ്യം, ഭീരുത്വം, ധാർമിക വീര്യമില്ലായ്മ, വൈക്ലബ്യം, നിഷ്ക്രിയത്വം തുടങ്ങിയ അർഥങ്ങളിലുള്ള ثبطൽനിന്നുള്ള സകർമകക്രിയയാണ് ثبّط. വീര്യംകെടുത്തി, നിഷ്ക്രിയമാക്കി, ഭീതിപ്പെടുത്തി എന്നൊക്കെ തർജമയാവാം. 'ഇരുന്നുകൊള്ളുവിൻ എന്നു പറയപ്പെട്ടു' (قِيلَ ٱقْعُدُوا۟) എന്നതിലെ 'പറയൽ' അല്ലാഹുവിന്റെ ഭാഗത്തുനിന്നാവാം, പ്രവാചകന്റെ ഭാഗത്തുനിന്നാവാം, കപടന്മാർക്കിടയിൽനിന്നുമാവാം. അല്ലാഹുവിന്റെ ഭാഗത്തുനിന്നാണെന്നു വെക്കുമ്പോൾ, കപടന്മാർ ജിഹാദിൽ പങ്കെടുക്കുന്നത് അല്ലാഹു ഇഷ്ടപ്പെടാത്തതിനാൽ അവർക്ക് വീട്ടിലിരിക്കുന്നത് ഗുണകരമായി തോന്നിച്ചു എന്നാകും ആശയം. ജിഹാദിൽനിന്ന് വിടുതൽ ചോദിച്ചവർക്ക് പ്രവാചകൻ വിടുതൽ നൽകി എന്ന കാര്യം പരിഗണിച്ചുകൊണ്ടാണ് 'പറയലി'ന്റെ കർത്താവ് പ്രവാചകനാണെന്ന് കരുതുന്നത്. ത്വബൂക്കിലേക്ക് പോകേണ്ടതില്ലെന്ന് മുനാഫിഖുകൾ പരസ്പരം തീരുമാനിച്ചിരുന്നതിനെയാണ് ഈ പരാമർശം സൂചിപ്പിക്കുന്നത് എന്ന അടിസ്ഥാനത്തിൽ, 'പറയൽ' ഉണ്ടായത് അവർക്കിടയിൽനിന്നു തന്നെയാണ്. ഇരുത്തം എന്ന അർഥത്തിലുള്ള قعود-ൽനിന്നുള്ള ബഹുവചന ശാസനാക്രിയാപദമാണ് ٱقْعُدُوا۟. അതിന്റെ കർതൃപദമായ قاعد-ന്റെ ബഹുവചനമാണ് قاعدون. ഇരിക്കുന്നവർ എന്നാണ് ഭാഷാർഥമെങ്കിലും പ്രവർത്തിക്കാൻ കഴിവില്ലാത്തതുമൂലം നിഷ്ക്രിയരായി കഴിയുന്നവരെയും യാത്ര ചെയ്യാനാവാത്തതുമൂലം വീട്ടിൽ കഴിയുന്നവരെയും ഉദ്ദേശിച്ചും ഈ വാക്ക് സാധാരണ ഉപയോഗിച്ചുവരുന്നു. യുദ്ധപശ്ചാത്തലങ്ങളിൽ قاعدون എന്ന പദത്തിന്റെ വിവക്ഷ, യുദ്ധത്തിൽ പങ്കെടുക്കാനാവാത്ത കുട്ടികളും സ്ത്രീകളും രോഗികളും വൃദ്ധജനങ്ങളുമാണ്. ഈ അർഥത്തിലാണ് ഈ

സൂക്തത്തിലും ഇനി വരാൻ പോകുന്ന 86-ാം സൂക്തത്തിലും اَلْقَـٰعِدِينَ എന്നു പറഞ്ഞിട്ടുള്ളത്. ഇവിടെ നിങ്ങൾ കുത്തിയിരിക്കുന്നവരുടെ കൂടെ അഥവാ സമരയാത്ര സാധ്യമല്ലാത്ത കുട്ടികളുടെയും സ്ത്രീകളുടെയും രോഗികളുടെയും വയോധികരുടെയും കൂടെ ഇരുന്നുകൊള്ളൂ എന്ന് പ്രയോഗിച്ചതിൽ കപടവിശ്വാസികളുടെ നേർക്ക് നിശിതമായ പരിഹാസവുമുണ്ട്.

**47,48:** നാശം എന്ന് തർജമ ചെയ്തിട്ടുള്ള خَبَالًا ന്റെ ആശയം, കെട്ടപിടിച്ച ഒന്നിന്റെ പൊടിഞ്ഞുപോകലും പരസ്പരം രൂഢമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒരു സമുച്ചയത്തിന്റെ ചിതറിപ്പോകലുമാണ്. ഓടി നടക്കുക എന്ന് തർജമ ചെയ്ത أَوْضَعُوا ന്റെ ആശയം, വാഹനത്തിനു വേഗംകൂട്ടി എന്നാണ്. ഒട്ടക സഞ്ചാരവുമായി ബന്ധപ്പെടുത്തി മാത്രമേ ഈ പദം ഭാഷാർഥത്തിൽ ഉപയോഗിക്കാറുള്ളൂ. എങ്കിലും മണ്ടിനടന്നു, തകൃതിയായി പ്രവർത്തിച്ചു, ചടുലമായി എന്നൊക്കെ പ്രയോഗാർഥങ്ങളുണ്ട്. ശത്രുക്കളുടെ ശക്തി പർവതീകരിച്ചു കാണിച്ചും സ്വന്തം ശക്തിയെ ഇകഴ്ത്തി കാണിച്ചും, ഏഷണികളും ഊഹാപോഹങ്ങളും വ്യാജവാർത്തകളും പ്രചരിപ്പിച്ചും മുസ്‌ലിംകൾക്കിടയിൽ ഭീതിപരത്താനും അവരുടെ ആത്മവിശ്വാസവും ധൈര്യവും ചോർത്തിക്കളയാനും കപടന്മാർ കൊണ്ടുപിടിച്ചു ശ്രമിക്കുമായിരുന്നു എന്നാണ് ഇവിടെ ആശയം. سَمَّـٰعُونَ لَهُمْ (അവർക്ക് ചെവികൊടുക്കുന്നവർ) എന്നതിന് രണ്ട് ആശയങ്ങളാവാം. ഒന്ന്, അവർ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവർ. മുസ്‌ലിംകളിൽ ചില സാധുക്കളുണ്ടായിരുന്നു; കപടന്മാരുടെ കാപട്യങ്ങളും വഞ്ചനകളുമൊന്നും തിരിച്ചറിയാത്തവർ. അവർ കപടന്മാർ പറയുന്നതൊക്കെ കാര്യമായി കേൾക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. ജനങ്ങളിൽ വ്യാജവാർത്തകളും ഊഹാപോഹങ്ങളും പ്രചരിപ്പിക്കാൻ കപടന്മാർ ഇക്കൂട്ടരെ നന്നായി ഉപയോഗിച്ചിരുന്നു. മുസ്‌ലിംകൾക്കിടയിൽ ഇത്തരം പാവങ്ങളുള്ളതുകൊണ്ട് കുഴപ്പങ്ങൾ കുത്തിപ്പൊക്കുക കപടന്മാർക്ക് അനായാസകരമാണെന്ന് സൂചിപ്പിക്കുകയാണ് ഈ വാക്യം. അവർക്ക് (കപടന്മാർക്ക്) വേണ്ടി കേൾക്കുന്നവർ എന്നാണ് രണ്ടാമത്തെ ആശയം. ഇതുകൊണ്ട് ഉദ്ദേശ്യം മുസ്‌ലിംകളുടെ കൂട്ടത്തിലെ സാധുക്കൾ സ്വന്തം ക്യാമ്പിൽ നടക്കുന്ന ചർച്ചകളും സൈനിക രഹസ്യങ്ങളും സമരതന്ത്രങ്ങളുമൊക്കെ കപടവിശ്വാസികളുമായി, അവരുടെ യാഥാർഥ്യം മനസ്സിലാക്കാതെ പങ്കുവെക്കും എന്നാണ്. ആദ്യത്തെ വ്യാഖ്യാനമാണ് കൂടുതൽ പ്രബലമായിട്ടുള്ളത്.

قلبയുടെ ബഹുവചനമാണ് قَلَّبُوا. മാറ്റിമറിച്ചു എന്നാണ് ഭാഷാർഥം. പരിശോധിച്ചു, പരീക്ഷിച്ചു, ചികഞ്ഞുനോക്കി എന്ന അർഥത്തിലും ഉപയോഗിക്കും. امرന്റെ ബഹുവചനമാണ് امور. കൽപന എന്നും വസ്തു, കാര്യം(شيئ) എന്നും امرന് അർഥമുണ്ട്. കാര്യം അഥവാ അടവ് എന്ന അർഥമാണ് ഇവിടെ പ്രസക്തം. പ്രവാചകനെതിരെ അവർ ചെയ്തുകൊണ്ടിരുന്ന ചതികളും കുതന്ത്രങ്ങളുമാണ് ഉദ്ദേശ്യം. ظَهَرَ أَمْرُ اللَّهِ എന്ന വാക്യത്തിലെ امر കൊണ്ടുദ്ദേശ്യം ദീനുൽ ഇസ്‌ലാം ആകാം. പ്രവാചകൻ വിജയിക്കണമെന്ന അല്ലാഹുവിന്റെ കൽപനയുമാകാം.

സൂക്തങ്ങളുടെ താൽപര്യമിതാണ്: ഇസ്‌ലാമിൽ അടിയുറച്ച വിശ്വാസമോ പ്രവാചകനോടും മുസ്‌ലിം സമൂഹത്തോടും ആത്മാർഥമായ കൂറോ ഇല്ലാത്ത കപടവിശ്വാസികളാണ് തബൂക്ക് യാത്രയിൽനിന്ന് മനഃപൂർവം പിൻവാങ്ങിയത്. അവരങ്ങനെ പിന്മാറിപ്പോയതിൽ വിശ്വാസികൾ ഒട്ടും ദുഃഖിക്കേണ്ടതില്ല. കാരണം ആദർശദാർഢ്യമോ സമാജത്തോട് കൂറോ ഇല്ലാത്ത ഭടന്മാരുടെ സാന്നിധ്യം കൊണ്ട് നിങ്ങളുടെ ശക്തി ഒട്ടും തന്നെ വർധിക്കുകയില്ല. വാസ്തവത്തിൽ ഉള്ള ശക്തി ക്ഷയിപ്പിക്കുകയാണവർ ചെയ്യുക. അത്തരക്കാർ ഉൾപ്പെട്ട സൈന്യത്തിന് കാര്യക്ഷമമായി ശത്രുക്കളെ നേരിടാനാവില്ല. ഭടന്മാർക്കിടയിൽ പരാജയഭീതിയും അച്ചടക്കരാഹിത്യവും വളർത്താൻ അവർ തകൃതിയായി പ്രവർത്തിച്ചുകൊണ്ടിരിക്കും. മറ്റു സൈനികരിൽ ചിലർ ഇത്തരം കപടന്മാരെക്കുറിച്ചും അവരുടെ കുതന്ത്രങ്ങളെക്കുറിച്ചും ബോധമില്ലാത്തവരും അവരാൽ സ്വാധീനിക്കപ്പെടുന്നവരുമായിരിക്കുമ്പോൾ കുഴപ്പങ്ങൾ കുത്തിപ്പൊക്കുക ഏറെ എളുപ്പമാണ്.

ഇത്തരം നിർണായക സന്ദർഭങ്ങളിൽ മുമ്പ് പലവട്ടം കപടന്മാർ കുഴപ്പമുണ്ടാക്കി നിങ്ങളെ പരാജയപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളതാണ്. ആ സംഭവങ്ങളെല്ലാം ഈ സൂക്തം അവതരിച്ച കാലത്തെ മുസ്‌ലിംകൾക്ക് നല്ലവണ്ണം അറിയാമായിരുന്നതുകൊണ്ട് മൊത്തം സംഭവങ്ങളിലേക്ക് ഒരു സൂചന മാത്രം നൽകി മതിയാക്കിയിരിക്കുകയാണിവിടെ. അഖബാ ഉടമ്പടിയുടെ കാലം മുതലേ ചിലർ പ്രവാചകനെതിരെ രഹസ്യനീക്കങ്ങൾ തുടങ്ങിയിട്ടുണ്ടെന്ന് ചില നിവേദനങ്ങൾ പറയുന്നുണ്ട്. ബദ്‌റ്യുദ്ധ കാലത്ത് ചിലർ ഉയർത്തിയ ഭിന്നാഭിപ്രായങ്ങളും തർക്കങ്ങളും എല്ലാവർക്കും അറിവുള്ളതാണ്. മുസ്‌ലിംകൾ ഖുറൈശിസേനയെ നേരിടാതെ, അവരുടെ കച്ചവട സംഘത്തെ പിന്തുടരണമെന്നായിരുന്നു അവരുടെ അഭിപ്രായം. ചില നിഷ്കളങ്കരെയും ഈ അഭിപ്രായത്തിനനുകൂലമായി പാട്ടിലാക്കാൻ അവർക്ക് കഴിഞ്ഞു. ഉഹുദുയുദ്ധ കാലത്ത്, ഖുറൈശി സൈന്യത്തെ മദീനയുടെ പ്രാന്തത്തിലുള്ള ഉഹുദിൽ പ്രതിരോധിക്കേണ്ടതില്ലെന്നും, അവർ മദീനയെ ഉപരോധിക്കുമ്പോൾ നേരിട്ടാൽ മതിയെന്നും അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം ശക്തിയായി വാദിച്ചു. ഈ വാദം തള്ളപ്പെട്ടതിനെത്തുടർന്ന് അയാളും മുന്നൂറോളം അനുയായികളും മദീനയിൽനിന്ന് ഉഹുദിലേക്കുള്ള മാർഗത്തിൽ ശൗത് എന്ന സ്ഥലത്തുവെച്ച് മുസ്‌ലിം സൈന്യത്തിൽനിന്ന് പിരിഞ്ഞുപോവുകയുണ്ടായി. “പ്രവാചകൻ കാര്യവിവരമില്ലാത്ത കുറെ പയ്യന്മാർക്കു വഴങ്ങിയിരിക്കുകയാണ്. നമ്മളെന്തിനു സ്വയം ചാകാൻ പോകണം?” എന്ന അവരുടെ വായ്ത്താരി ചിലരെ ആകർഷിക്കാതിരുന്നില്ല. ബനൂ സൽമ, ബനൂ ഹാരിസ എന്നീ ഗോത്രങ്ങൾ അയാളെ പിന്തുടരാൻ തുനിഞ്ഞതാണ്. പക്ഷേ അല്ലാഹു അവരെ അതിൽനിന്ന് രക്ഷിച്ചു. പിന്നീട് മുറൈസീഅ് യുദ്ധവേളയിൽ അൻസ്വാറുകൾക്കും മുഹാജിറുകൾക്കുമിടയിൽ സംഘർഷമുണ്ടായതും ഇവരുടെ കുത്തിത്തിരിപ്പുകളുടെ ഫലമായിരുന്നു. അന്ന് ഇരുകൂട്ടരും പരസ്പരം വാളോങ്ങാൻ വരെ തുനിയുകയുണ്ടായി. ആഇശ(റ)ക്കെതിരെ ചാരിത്ര്യദോഷം ആരോപിക്കപ്പെട്ടത് പ്രവാചകന്റെ മദീനാ ജീവിതത്തിലുണ്ടായ അതിസങ്കീർണമായ സംഭവമായിരുന്നു. കപടവിശ്വാസികൾ തന്നെയായിരുന്നു അതിന്റെയും മുഖ്യ സൂത്രധാരന്മാർ. ഹുനൈൻ യുദ്ധത്തിനു ശേഷം യുദ്ധമുതലുകളുടെ വിതരണത്തെച്ചൊല്ലി മുസ്‌ലിംകൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ചതും മറ്റാരുമായിരുന്നില്ല. ഇങ്ങനെ മുസ്‌ലിംസമൂഹത്തിൽ സംഘർഷവും പിളർപ്പും ഉണ്ടാക്കാൻ കിട്ടിയ ഒരു പഴുതും അവർ ഉപയോഗിക്കാതിരുന്നിട്ടില്ല. പക്ഷേ അല്ലാഹു അതെല്ലാം പരാജയപ്പെടുത്തുകയായിരുന്നു. അങ്ങനെ അവരുടെ കുത്തിത്തിരിപ്പുകളെയും കുതന്ത്രങ്ങളെയും അതിജീവിച്ച് സത്യം പുലരുകതന്നെ ചെയ്തു. അവരുടെ അഭീഷ്ടത്തിനെതിരായി അല്ലാഹുവിന്റെ ദീൻ വിജയിക്കുകയും ചെയ്തു; അല്ലെങ്കിൽ അവർക്കിഷ്ടമില്ലാത്ത ദൈവികകൽപന പ്രത്യക്ഷമായി. ■